സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 59 ലക്കം: 168 2024 ഒക്ടോബർ 19 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

അമ്മയെയും മകനെയും മരിച്ചനിലയിൽ കണ്ടെത്തി

ഇരിങ്ങാലക്കുട: പൊറുത്തിശ്ശേരിയിൽ അമ്മയെയും മകനെയും വീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തി. പൊറുത്തിശ്ശേരി സ്വദേശികളായ മാലതി (73) മകൻ സുജീഷ് (45) എന്നിവരാണ് മരിച്ചത്.

ക്ഷേത്രത്തിൽ മോഷണം

ഇരിങ്ങാലക്കുട: കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിലുള്ള കാറളം കൈനില ശിവക്ഷേത്രത്തിൽ മോഷണം. തിടപ്പള്ളിയിൽ സൂക്ഷിച്ചിരുന്ന ഓട്, ചെമ്പ് പാത്രങ്ങളും, നിലവിളക്കുകളും മോഷണം പോയി.

അരുൺ കെ. വിജയനെ മാറ്റാൻ സമ്മർദ്ദം ശക്തം

അന്വേഷണസംഘം കണ്ണൂർ കളക്ടറുടെ മൊഴിയെടുക്കുന്നു

കണ്ണൂർ: എ.ഡി.എം. നവീൻ ബാബുവിന്റെ മരണത്തിൽ കണ്ണൂർ കളക്ടർ അരുൺ കെ. വിജയന്റെ മൊഴിയെടുക്കുന്നു. അന്വേഷണ ചുമതലയുള്ള ജോയിന്റ് ലാൻഡ് റവന്യൂ കമ്മീഷണർ എ. ഗീത കണ്ണൂർ കളക്ട്രേറ്റിലെത്തി. നവീൻ ബാബുവിന്റെ മരണത്തിൽ അന്വേഷണത്തെ സ്വാഗതം ചെയ്യുമെന്നും പൂർണമായും സഹകരിക്കുമെന്നുമായിരുന്നു കളക്ടറുടെ നിലപാട്. കൂടാതെ അന്വേഷണസംഘത്തോട് എല്ലാ കാര്യങ്ങളും തുറന്നു പറയുമെന്നും കളക്ടർ വ്യക്തമാക്കി.

ഇതിനിടെ കളക്ടറെ മാറ്റണമെന്നുള്ള സമ്മർദം റവന്യൂ വകുപ്പിനു മേൽ ശക്തമായിരിക്കുകയാണ് എന്നാണ് വിവരം. മുഖ്യമന്ത്രിയടക്കമുള്ളവരോട് ആലോചിച്ച് റവന്യൂ വകുപ്പ് തീരുമാനമെടുക്കും. കൂടാതെ കളക്ടർക്കെതിരെ നടപടിയെടുക്കണമെന്നാവശ്യപ്പെട്ട് കെ.എസ്.യു വൈസ് പ്രസിഡന്റ് മുഹമ്മദ് ഷമ്മാസ് മുഖ്യമന്ത്രിക്ക് പരാതി നൽകുകയും ചെയ്തിരുന്നു.

നവീൻ ബാബുവിന്റെ കുടുംബവും കളക്ടർക്കെതിരായ നിലപാടിലാണ്. ദിവ്യയെ എ.ഡി.എമ്മിന്റെ യാത്രയയപ്പ് യോഗത്തിലേക്ക് വിളിച്ചുവരുത്തിയത് കളക്ടറാണെന്നാണ് പ്രതിപക്ഷനേതാവ് വി.ഡി. സതീശനും ബിജെ.പി. കണ്ണൂർ ജില്ലാ പ്രസിഡന്റ് എൻ. ഹരിദാസും ആരോപിക്കുന്നത് സംഭവത്തിൽ കളക്ടറുടെ പങ്ക് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര ആഭ്യന്തര, പേഴ്സണൽ മന്ത്രാലയങ്ങൾക്ക് ബി.ജെ.പി. കത്തയച്ചു.

കളക്ടറുടെ പ്രവർത്തനത്തിൽ സി.പി.ഐ.ക്കും അതൃപ്തിയുണ്ട്. വ്യാഴാഴ്ച സി.പി.ഐ. സംസ്ഥാന എക്സിക്യൂട്ടീവിൽ പങ്കെടുത്ത നേതാക്കൾ രാത്രി റവന്യൂമന്ത്രി കെ. രാജനെ നേരിട്ട് ഇക്കാര്യം അറിയിച്ചിട്ടുണ്ട്. വിവാദ യാത്രയയപ്പ് യോഗം നടത്തിയത് കളക്ടറാണ്. നവീൻ ബാബുവിന് യോഗം നടത്തുന്നതിനോട് യോജിപ്പില്ലായിരുന്നു. എ.ഡി.എമ്മിന്റെ അഭിപ്രായം പരിഗണിക്കാതെ തിങ്കളാഴ്ച രാവിലെ യോഗം കളക്ടർ തീരുമാനിച്ചു. പിന്നീട് വൈകീട്ടേക്ക് മാറ്റി. രാവിലെ യോഗത്തിൽ പങ്കെടുക്കാൻ കളക്ടർക്കോ നവീനോ അസൗകര്യം ഉണ്ടായിരുന്നില്ല.

പി.പി. ദിവ്യയ്ക്ക് പങ്കെടുക്കാനാണ് ഇത്തരത്തിൽ സമയം മാറ്റിയതെന്ന് ആരോപണം ഉയർന്നു. യോഗത്തിൽ ദിവ്യ എ.ഡി.എമ്മിന് നേരേ ആരോപണം ഉന്നയിച്ചപ്പോൾ അതു തടയാനും കളക്ടർ കൂട്ടാക്കിയില്ല എന്നാണ് വിമർശനം.

പ്രിയങ്ക ജയിച്ചാൽ മണ്ഡലത്തിൽ ഉണ്ടാകുമെന്ന് എന്താണ് ഉറപ്പ്?- സത്യൻ മൊകേരി

കോഴിക്കോട് : ലക്കിടിയിൽ നിന്ന് ശനിയാഴ്ച പ്രചാരണം തുടങ്ങുമെന്ന് വയനാട്ടിലെ എൽ.ഡി.എഫ്. സ്ഥാനാർത്ഥി സത്യൻ മൊകേരി. വയനാടിന് മതേതര മനസ്സാണ്. വയനാട്ടിലെ പ്രശ്നങ്ങൾ ഉയർത്തി പ്രചാരണം നടത്തുമെന്നും സത്യൻ മൊകേരി മാധ്യമപ്രവർത്തകരോട് പറഞ്ഞു. പ്രിയങ്ക ഗാന്ധി എന്തുകൊണ്ട് ബി.ജെ.പി, വർഗീയ ശക്തികേന്ദ്രങ്ങളിൽ മത്സരിക്കുന്നില്ല? മതേതര മനസുള്ള കേരളത്തിൽ വന്നാണോ മത്സരിക്കേണ്ടതെന്നും സത്യൻ മൊകേരി ചോദിച്ചു.

രാഹുൽ ഉത്തരേന്ത്യയിൽ നിന്ന്ഒളിച്ചോടി വയനാട് വന്നു മത്സരിച്ചു. ഇപ്പോൾ പ്രിയങ്കയും ഉത്തരേന്ത്യയിൽനിന്ന് ഒളിച്ചോടുന്നു. പ്രാദേശിക വിഷങ്ങൾ ഉന്നയിക്കാനാണ് ജനങ്ങൾ ജനപ്രതിനിധികളെ തെരെഞ്ഞെടുക്കുന്നത്. പ്രാദേശിക വിഷയങ്ങൾ അറിയാത്തവർക്ക് എന്ത് ചെയ്യാനാകും? പ്രിയങ്ക ജയിച്ചാൽ മണ്ഡലത്തിലുണ്ടാകുമെന്ന് എന്താണ് ഉറപ്പ്? രാഹുൽ വയനാട്ടിൽ ഉണ്ടായിരുന്നില്ലല്ലോ, പ്രിയങ്ക ജയിച്ചാൽ വയനാടിനെ ഉപേക്ഷിക്കില്ലെന്ന് എന്താണ് ഉറപ്പ് തുടങ്ങിയ ചോദ്യങ്ങളും അദ്ദേഹം ഉന്നയിച്ചു.

പ്രിയങ്കയെ സാധാരണക്കാർക്ക് കാണാൻ പറ്റുമോ? 2014 –ൽ 20,000 വോട്ടിനു മാത്രമാണ് തോറ്റത്, ആ അടിത്തറ ഇടതുപക്ഷത്തിന് വയനാട്ടിലുണ്ട്. കോൺഗ്രസ് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു.

പ്രിയങ്കക്ക് ഇന്ദിര ഗാന്ധിയോളം ജനസ്വീകാര്യതയുണ്ടോയെന്നും ഇന്ദിരയും രാഹുലും തോറ്റിട്ടില്ലേയെന്നും സത്യൻ മൊകേരി ചോദിച്ചു.

സ്വർണക്കുതിപ്പ് പവന് 58,000 രൂപയും കടന്നു

തിരു: സ്വർണവിലയിലെ കുതിപ്പിന്റെ ട്രെൻഡ് തുടരുകയാണ്. ഇന്ന്പവന് 320 രൂപ വർധിച്ച് 58,240 രൂപയിലെത്തി. ഗ്രാമിന് 40 രൂപയുടെ വർധനയോടെ 7280 രൂപയിലെത്തി. ആദ്യമായാണ് കേരളത്തിൽ ഒരു പവൻ സ്വർണത്തിന്റെ വില 58,000 രൂപ കടക്കുന്നത്. ഒക്ടോബർ മാസത്തിൽ തന്നെയാണ് സ്വർണ വില 57000 രൂപ മറികടന്നതും.

ഈ ആഴ്ച ആദ്യം വ്യാപാരം തുടങ്ങിയത് 56,960 രൂപയിലാണ്. 1,280 രൂപ യുടെ വർധനയോടെയാണ് സ്വർണം ഈ ആഴ്ചയിലെ വ്യാപാരം അവസാനിപ്പിക്കുന്നത്. പരിധിയില്ലാതെ സ്വർണ വില കുതിക്കുമ്പോൾ ആഭരണം വാങ്ങുന്നവരാണ് പ്രതിസന്ധിയിലാകുന്നത്. 10 ശതമാനം പണിക്കൂലിയിൽ ഒരു പവൻ ആഭരണം വാങ്ങാൻ ഇന്ന് 66,000 രൂപയോളം വേണം. സ്വർണത്തിന്റെ വില, പണിക്കൂലി, ഹാൾമാർക്ക് ചാർജ്, ജി.എസ്.ടി എന്നിവയാണ് ചേർത്താണ് ആഭരണ വില കണക്കാക്കുന്നത്.

58,240 രൂപ ഒരു പവന് ചെലവ് വരുമ്പോൾ പണിക്കൂലി 5,824 രൂപ വരും. ഹാൾമാർക്ക് ചാർജ് (45+18% ജിഎസ്ടി) 53.10 രൂപ. രണ്ടും ചേർത്താൽ 64,117 രൂപ വരും. ഇതിന് മുകളിൽ മൂന്ന് ശതമാനം ജിഎസ്ടിയായ 1,923 രൂപ ചേർക്കും. ഇതടക്കം ഏകദേശം 66,040 രൂപ വേണം ഒരു പവൻറെ ആഭരണം വാങ്ങാൻ.

ബാലചന്ദ്രൻ വടക്കേടത്തിന് സാംസ്കാരിക കേരളത്തിന്റെ അന്ത്യാഞ്ജലി



കുന്നംകുളം : ഇന്ന് വെളുപ്പിന് അന്തരിച്ച പ്രശസ്ത സാഹിത്യകാരനും പ്രഭാഷകനുമായ ബാലചന്ദ്രൻ വടക്കേടത്തിന് സാംസ്കാരിക കേരളം അന്ത്യാഞ്ജലി അർപ്പിച്ചു.

ഇന്ന്കാലത്ത് സാഹിത്യ അക്കാദമി ഹാളിൽ പൊതുദർശനത്തിന് വെച്ച മൃതദേഹത്തിൽ സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ മേഖലകളിലെ സമുന്നതരുൾപ്പെടെ നിരവധി പേർ അന്ത്യാഞ്ജലി അർപ്പിച്ചു. തുടർന്ന് മൃതദേഹം വലപ്പാട്ടിലുള്ള വീട്ടിലേക്ക് കൊണ്ടുപോയി. ഭാര്യ-സതി. മകൻ-വി.കൃഷ്ണചന്ദ്രൻ. മരുമകൾ-ഐശ്വര്യ. സംസ്കാരം നാളെ രാവിലെ 9 മണിക്ക് നാട്ടിക എസ് എൻ ട്രസ്റ്റ് സ്കൂളിന് സമീപമുള്ള തറവാട്ടുവളപ്പിൽ നടത്തപ്പെടും. മലയാള സാഹിത്യ രംഗത്ത് പ്രത്യേകിച്ച് നിരൂപണ മേഖലയിൽ വടക്കേടത്ത് ചെയ്ത സംഭാവനകളെ പ്രശസ്ത സാഹിത്യ ഗായകർ അനുസ്മരിച്ചു.

പാലക്കാട് വീണ്ടും പൊട്ടിത്തെറി യൂത്ത് കോൺഗ്രസ് മുൻ സംസ്ഥാന സെക്രട്ടറി പാർട്ടി വിട്ടു

പാലക്കാട്: പി. സരിനു പിന്നാലെ പാലക്കാട് കോൺഗ്രസിൽ വീണ്ടും പൊട്ടിത്തെറി. പാലക്കാട്ടു നിന്നുള്ള യൂത്ത് കോൺഗ്രസ് മുൻ സംസ്ഥാന സെക്രട്ടറി എ.കെ. ഷാനിബ് പാർട്ടി വിട്ടു. വാർത്താ സമ്മേളനം വിളിച്ചാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. സി. പി. എമ്മിനൊപ്പം ചേർന്ന് പ്രവർത്തിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. വാർത്താ സമ്മേളനത്തിനിടെ അദ്ദേഹം പൊട്ടിക്കരഞ്ഞു.

പാലക്കാട് – വടകര– ആറന്മുള കരാർ കോൺഗ്രസും ആർ.എസ്.എസും തമ്മിലുണ്ടെന്നും ഇതിന്റെ രക്തസാക്ഷിയാണ് കെ. മുരളീധരൻ എന്നും ഷാനിബ് പറഞ്ഞു. ഈ കരാറിന്റെ ഭാഗമായാണ് പാലക്കാട് ഉപതെരഞ്ഞെടുപ്പ് വന്നത്. ആറന്മുളയിൽ അടുത്ത തെരെഞ്ഞെടുപ്പിൽ യു. ഡി.എഫ് വിജയിക്കും. അതിന് വലിയ വില കൊടുക്കേണ്ടി വരുന്നു സി.പി.എം തുടർ ഭരണം നേടിയിട്ടും കോൺഗ്രസ് തിരുത്താൻ തയാറാവുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

ഉമ്മൻ ചാണ്ടി സാറ് പോയ ശേഷം നമ്മളെ കേൾക്കാൻ ആരുമില്ലെന്ന് വിതുമ്പിക്കരഞ്ഞ് എ.കെ.ഷാനിബ് പറഞ്ഞു. പരാതി പറയുമ്പോൾ കേൾക്കാൻ ആരുമില്ല. ആ ഉമ്മൻ ചാണ്ടി സാറിന്റെ പേരിൽ ഇവർ നടത്തുന്ന നാടകങ്ങൾ കണ്ട് സഹികെട്ടിട്ടാണ് ഇപ്പോൾ ഇതെല്ലാം തുറന്ന് പറയാൻ തയാറായത്. ഞാൻ മാത്രമല്ല, എന്റെ പിന്നിൽ ഒരു പാട് യൂത്ത് കോൺഗ്രസ് നേതാക്കൾക്ക് ഇങ്ങനെ പയാനുണ്ട്. രാഷ്ട്രീയ വഞ്ചനയുടെ നിരവധി കഥകളാണ് ഷാഫി പറമ്പിലിന്റെയും വി.ഡി. സതീശന്റെയും നേതൃത്വത്തിൽ ഈ പാർട്ടിയിൽ നടന്നുകൊണ്ടിരിക്കുന്നത് –അദ്ദേഹം കുറ്റപ്പെടുത്തി.

സരിൻ പോയാൽ ഒരു പ്രാണി പോയത് പോലെ; ഇതൊന്നും കോൺഗ്രസിന് ഏശില്ല: കെ. സുധാകരൻ

വയനാട്: സരിൻ പോയാൽ കോൺഗ്രസിന് ഒരു പ്രാണി പോയത് പോലെ ആണെന്ന് കെ.പി.സി.സി. പ്രസിഡന്റ് കെ.സുധാകരൻ. സരിനെ പോലെയുള്ളവരെ കണ്ടിട്ടില്ലല്ലോ കോൺഗ്രസ് ഉണ്ടായതും വിജയിച്ചതെന്നും കെ. സുധാകരൻ പരിഹസിച്ചു. മുമ്പും കുറേപ്പേർ കോൺഗ്രസിൽനിന്ന് കൊഴിഞ്ഞുപോയിട്ടുണ്ടെന്നും കോൺഗ്രസിനെ ഇതൊന്നും ബാധിക്കില്ലെന്നും കെ. സുധാകരൻ കൂട്ടിച്ചേർത്തു.

ദിവ്യക്കെതിരേയുള്ള കേസ് സി.പി.എമ്മിനെ അടിക്കാനുള്ള വടിയാക്കേണ്ട:പി. ജയരാജൻ

കണ്ണൂർ: എ.ഡി.എം.കെ. നവീൻ ബാബുവിന്റെ മരണവും പി.പി. ദിവ്യക്കെതിരായ കേസും സി.പി.എമ്മിനെ അടിക്കാനുള്ള വടിയാക്കി മാറ്റേണ്ടെന്ന് സി.പി.എം. നേതാവ് പി. ജയരാജൻ. വിഷയം സംബന്ധിച്ച് അന്വേഷണം പുരോഗമിക്കുകയാണ്. നവീന്റെ മരണം അങ്ങേയറ്റം ദുഃഖകരമാണെന്നും ജയരാജൻ പറഞ്ഞു. മരണത്തിന്റെ ഭാഗമായി ഉന്നയിക്കപ്പെട്ട വിമർശനങ്ങൾ പരിഗണിച്ച് സി.പി.എം കണ്ണൂർ ജില്ലാ കമ്മിറ്റി പി.പി. ദിവ്യയോട് രാജിവെയ്ക്കാൻ ആവശ്യപ്പെട്ടു. അവർക്കെതിരെ കേസുമെടുത്തിട്ടുണ്ട്. കേസെടുക്കുന്നതിന് പിണറായി സർക്കാർ തടസ്സം നിന്നിട്ടില്ലെന്നും പി. ജയരാജൻ പറഞ്ഞു.

പ്രമുഖ സീരിയൽ നടി എംഡിഎംഎയുമായി പിടിയിൽ



പരവൂർ: മാരക രാസലഹരിയായ എംഡിഎംഎയുമായി പ്രമുഖ സീരിയൽ നടിയെ പോലീസ് അറസ്റ്റുചെയ്തു. ചിറക്കര പഞ്ചായത്ത് ഒഴുകുപാറ കുഴിപ്പിൽ ശ്രീ നന്ദനത്തിൽ ഷംനത്ത് എന്ന പാർവതി (36) ആണ് പിടിയിലായത്. പരവൂർ ഇൻസ്പെക്ടർക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് ഷംനത്ത് പിടിയിലായത്. ഇവരുടെ വീട്ടിൽ നടത്തിയ പരിശോധനയിൽ മൂന്നു ഗ്രാം എംഡിഎംഎ പിടിച്ചെടുത്തു. ഭർത്താവിനൊപ്പമാണ് ഇവർ താമസിച്ചിരുന്നത്. ഷംനത്തിന് ലഹരിക്കടത്ത് സംഘങ്ങളുമായി ബന്ധമുണ്ടോ എന്ന് പോലീസ് അന്വേഷിക്കുന്നുണ്ട്. നടിയെ ഇന്ന് കോടതിയിൽ ഹാജരാക്കും.

കഴിഞ്ഞ ദിവസം കൊല്ലം കൊട്ടിയത്ത് എംഡിഎംഎയുമായി യുവതി അടക്കം അഞ്ച് പേരെ പോലീസ് അറസ്റ്റുചെയ്തിരുന്നു. കിഴവൂർ, ഫൈസൽ വില്ലയിൽ ഫൈസൽ (29), കരീപ്ര, കുഴിമതിക്കാട് സ്വദേശി വിപിൻ (32), കണ്ണൂർ , ചെമ്പിലോട് സ്വദേശി ആരതി (30) കിളികൊല്ലൂർ, പ്രഗതി നഗർ ബിലാൽ (35), കല്ലുവാതുക്കൽ, പാമ്പുറം, സ്വദേശി സുമേഷ് (26) എന്നിവരാണ് കൊട്ടിയം പോലീസിന്റെ പിടിയിലായത്.

നഗരത്തിലെ വിവിധ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് വിലപനയ്ക്കായി എത്തിച്ച 4.37 ഗ്രാം എം.ഡി.എം.എ പോലീസ് സംഘം നടത്തിയ പരിശോധനയിൽ ഒന്നാം പ്രതിയുടെ വീട്ടിൽ നിന്നും കണ്ടെടുത്തു. ബിലാലും സുമേഷും ചേർന്നാണ് മയക്കുമരുന്ന് എത്തിച്ചത്. 2 ഗ്രാം കഞ്ചാവും ഇവരിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്.

വധഭീഷണി; രണ്ട് കോടിയുടെ ബുള്ളറ്റ് പ്രൂഫ് കാർ വാങ്ങി സൽമാൻ ഖാൻ

മുംബൈ: 5കോടി രൂപ നൽകിയില്ലെങ്കിൽ ബാബാ സിദ്ദിഖിയുടെ അവസ്ഥ വരുമെന്നാണ് ബോളിവുഡ് താരം സൽമാൻ ഖാനെതിരെ ലോറൻസ് ബിഷ്നോയ് സംഘത്തിന്റെ ഭീഷണി. മുംബൈ ട്രാഫിക് പോലീസിന് ലഭിച്ച സന്ദേശത്തെ തുടർന്ന് സൽമൻഖാനും സുരക്ഷ ശക്തമാക്കിയിട്ടുണ്ട്. ഭീഷണി സംബന്ധച്ച് അന്വേഷണം നടക്കുന്നതിനിടെയാണ് 2 കോടി രൂപയുടെ ബുള്ളറ്റ് പ്രൂഫ് കാർ സൽമാൻ വാങ്ങിയത്. പോലീസിന് തലവേദനയായ ഒരു 31കാരൻ; ആരാണ് ലോറൻസ് ബിഷ്ണോയി?

വധ ഭീഷണികളുടെ പശ്ചാത്തലത്തിൽ സ്വന്തം നിലയിലും സുരക്ഷ ഉറപ്പാക്കാനാണ് സൽമാൻറെ ശ്രമം. നിസാൻ പെട്രോൾ എസ്യുവി സൽമാൻ ഖാൻ വാങ്ങിയതായാണ് റിപ്പോർട്ടുകൾ. ഇന്ത്യൻ മാർക്കറ്റിൽ ഈ വാഹനം ലഭ്യമല്ലാത്തതിനെ തുടർന്ന് ദുബായിൽ ഇറക്കുമതി ചെയ്യുകയായിരുന്നു.

2കോടി രൂപ വില വരുന്ന കാർ ഇന്ത്യയിലേക്ക് എത്തിക്കാനും സൽമാന് വലിയൊരു തുക ചിലവാകും. പോയിൻറ് ബ്ലാങ്ക് ബുള്ളറ്റ് ഷോട്ടുകളെ അതിജീവിക്കാൻ പാകത്തിലുള്ള ഗ്ലാസ് ഷീൽഡുകളാണ് ഈ വാഹനത്തിന്റെ പ്രത്യേകതകളിൽ ഒന്ന്. കഴിഞ്ഞ വർഷവും ഒരു ബുള്ളറ്റ് പ്രൂഫ് കാർ സൽമാൻ സ്വന്തമാക്കിയിരുന്നു. തനിക്കും പിതാവിനും വധ ഭീഷണി വന്നതിനെ തുടർന്നായിരുന്നു ഇത്. യുഎഇയിൽ നിന്നായിരുന്നു അന്നും കാർ എത്തിച്ചത്.

ബിഗ് ബോസ് സീസൺ 18ന്റെ ഷൂട്ടിങ്ങിനെത്തിയ സമയവും സൽമാൻഖാന് കനത്ത സുരക്ഷയാണ് ഏർപ്പെടുത്തിയത്. ബാബാ സിദ്ദിഖിയുടെ മരണ ശേഷം ഇത് ആദ്യമായാണ് സൽമാൻ ഷൂട്ടിങ്ങിനായി എത്തിയത്. 5കോടി രൂപ നൽകിയില്ലെങ്കിൽ ബാബ സിദ്ധിഖിക്ക് നേരിടേണ്ടി വന്നതിനേക്കാൾ രൂക്ഷമായ ആക്രമണമായിരിക്കും സൽമാൻ ഖാന് നേരിടേണ്ടി വരിക എന്നാണ് ലോറൻസ് ബിഷ്നോയ് സംഘത്തിന്റെ ഭീഷണി.

ബൈക്ക് മറിഞ്ഞ് മധ്യവയസ്കന് പരിക്ക്

കേച്ചേരി: എരനെല്ലൂർ ക്രിസ്ത്യൻ പള്ളിയ്ക്കു സമീപം, റോഡിലെ കുഴിയിൽ വീണ് ബൈക്ക് നിയന്ത്രണം വിട്ട് മറിഞ്ഞ് കേച്ചേരി പട്ടിക്കര സ്വദേശി നാലകത്ത് വീട്ടിൽ അലിമുഹമ്മദ് മകൻ അബുബക്കർ (60)ന് പരിക്കുപറ്റി. പരിക്ക് പറ്റിയ ആളെ കേച്ചേരി ആക്ട്സ് പ്രവർത്തകർ കുന്നംകുളം റോയൽ ദയ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

യാത്രയയപ്പ് യോഗത്തിലേക്ക് ആരേയും ക്ഷണിച്ചില്ല; കത്തെഴുതിയത് കുറ്റസമ്മതമല്ലെന്നും കളക്ടർ

കണ്ണൂർ: കണ്ണൂർ എഡിഎം ആയിരുന്ന നവീൻ ബാബുവിന്റെ യാത്രയയപ്പ് യോഗത്തിലേക്ക് മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി ദിവ്യയെ താൻ ക്ഷണിച്ചിട്ടില്ലെന്ന് സൂചിപ്പിച്ച് കണ്ണൂർ ജില്ലാ കളക്ടർ അരുൺ കെ.വിജയൻ. കണ്ണൂരിൽ മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

കളക്ടർ ക്ഷണിച്ചിട്ടാണോ പി.പി ദിവ്യ യാത്രയയപ്പ് യോഗത്തിന് വന്നതെന്ന ചോദ്യത്തിന് പരിപാടി നടത്തുന്നത് കളക്ടറല്ല, സ്റ്റാഫ് കൗൺസിലാണെന്നായിരുന്നു അരുൺ കെ. വിജയന്റെ ഉത്തരം. താനല്ല പരിപാടിയുടെ സംഘാടകനെന്നും അതിനാൽ ആരെയും ക്ഷണിക്കേണ്ടതില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കളക്ടർ ക്ഷണിച്ചിട്ടാണ് യാത്രയയപ്പ് യോഗത്തിന് പോയതെന്ന ദിവ്യയുടെ വാദങ്ങൾ പൊളിക്കുന്നതാണ് ഇപ്പോൾ കളക്ടർ നേരിട്ട് നൽകിയിരിക്കുന്ന പ്രതികരണം.

സംഭവത്തിൽ അന്വേഷണം പ്രഖ്യാപിച്ചതിനാൽ കൂടുതൽ കാര്യങ്ങൾ പറയാൻ ബുദ്ധിമുട്ടാണെന്നും അന്വേഷണം അതിന്റെ വഴിക്ക് നടക്കട്ടെയെന്നും അരുൺ കെ. വിജയൻ പറഞ്ഞു. മരിച്ച നവീൻ ബാബുവിന്റെ കുടുംബത്തിന് കത്തയച്ചത് ഒരു കുറ്റസമ്മതമല്ലെന്നും കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നുവെന്ന് അറിയിക്കാനാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നേരത്തേ നവീൻ ബാബുവിന്റെ മരണത്തിലേക്ക് നയിച്ച സംഭവങ്ങളുടെ അന്വേഷണ ചുമതലയിൽ നിന്ന് കണ്ണൂർ ജില്ലാ കളക്ടർ അരുൺ കെ.വിജയനെ മാറ്റിയിരുന്നു. റവന്യൂ മന്ത്രി കെ. രാജന്റെ നിർദേശ പ്രകാരമാണ് നടപടി. ലാൻഡ് റവന്യൂ ജോയിന്റ് കമ്മിഷണർ എ. ഗീതയ്ക്കാണ് അന്വേഷണ ചുമതല കൈമാറിയത്.

നവീൻ ബാബുവിനെതിരായ കൈക്കൂലി പരാതി വ്യാജം? പ്രശാന്തന്റെ പേരിലും ഒപ്പിലും വ്യത്യാസം



കണ്ണൂർ: എഡിഎം നവീൻ ബാബുവിനെതിരെ പെട്രോൾ പമ്പുടമ പ്രശാന്തൻ നൽകിയ കൈക്കൂലി പരാതി വ്യാജമെന്ന് സൂചന. ചെങ്ങളായിലെ പെട്രോൾ പമ്പിന് എൻഒസി നൽകാൻ കൈക്കൂലി വാങ്ങിയെന്ന പ്രശാന്തന്റെ ആരോപണം വ്യാജമെന്ന് തെളിയിക്കുന്ന രേഖകളാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്.

പമ്പിന് നൽകിയ അപേക്ഷയിൽ അപേക്ഷകന്റെ പേരിന്റെ സ്ഥാനത്ത് പ്രശാന്ത് എന്നാണ് എഴുതിയിരിക്കുന്നത്. എഡിഎം കൈക്കൂലി വാങ്ങിയെന്ന് ആരോപിച്ച് മുഖ്യമന്ത്രിക്ക് അയച്ചുവെന്ന് പറയുന്ന പരാതിയിൽ പ്രശാന്തൻ എന്നുമാണ് പേര് രേഖപ്പെടുത്തിയിരിക്കുന്നത്. രണ്ട് രേഖകളിലെ ഒപ്പുകളും വ്യത്യസ്തമാണ്. ഇതെല്ലാം എഡിഎമ്മിനെതിരായ കൈക്കൂലി പരാതി വ്യാജമെന്ന് തെളിയിക്കുന്ന സൂചനയാണ് നൽകുന്നത്.

പെട്രോൾ പമ്പിനായുള്ള പാട്ടക്കരാറിൽ പ്രശാന്ത് ടിവി എന്നാണ് പേര് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിൽ പ്രശാന്തൻ ടിവി എന്നുമാണ്. അതേസമയം, പെട്രോൾ പമ്പുടമ എന്ന് പറയപ്പെടുന്ന പ്രശാന്തൻ ബിനാമിയാണെന്നുള്ള സംശയങ്ങളും ഉയരുന്നുണ്ട്. കണ്ണൂർ മെഡിക്കൽ കോളേജിലെ ഇലക്ട്രീഷ്യനായ ഇയാൾക്ക് കോടിക്കണക്കിന് രൂപ മുടക്കി പമ്പ് തുടങ്ങാനുള്ള പണം എവിടെനിന്ന് ലഭിച്ചു എന്ന സംശയം ആദ്യം മുതലുണ്ട്. ഇതിനിടെയാണ് രേഖകളിലെ വൈരുദ്ധ്യം പുറത്തുവരുന്നത്.

കോടതി പരസ്യം

BEFORE THE HON'BLE MOTOR ACCIDENTS CLAIMS TRIBUNAL THRISSUR

OP(MV): 362/2018

Anoop K. V. S/o. Vijayan Kattapadikkal, Thayyur P.O., Velur, Thrissur Dist

-Petitioner

1) Saibunnisa Asharaf, W/o. Asharaf, Vattanath House, Thozhiyur P.O., Thrissur Dist. Pin-680520 (Owner of KL-46-N-4562 Car)
2) Asharaf, S/o. Muhammed, Vattanath House, Thozhiyur P.O., Thrissur Dist. Pin-680520 (Driver of KL-9-P-4524 Car) DL. No. 8/632/1988
3) The New India Assurance Company Ltd., 1215., 12th Floor, Naurang House, 21 Kasthurba Gandhi Marg, New Delhi-110001 P.No. 98000031170305262680

– Respondents No. 1, 2 & 3

Motor accident claim tribunal, Thrissur is Pleased to issue notice on the above said case against you.
Notice to the 2nd Respondents are in OPMV 363/2018 is affix on the Honourable MACT Court Thrissur and respondents residence which is posted to **08-11-2024.** You are hereby directed to appear before the court on 08-11-2024. at 11.00 am., personally or through advocate in case you have any objection, failing of which the case will be heard and decided in your absece.

Dated this the 10th October 2024

FRANCIS KURIAN (S/d)
Advocate for Petitioner.

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട MACT മുമ്പാകെ

OP(MV): 120/2020

Krishna Prasad @ Prajith

-ഹരജിക്കാരൻ

Mujeeb Rahiman, S/o. Majeed, Vandhody @ Vanthodiyil House, Eriyad Desom, (P.O.) Eriyad

-1-ാം എതൃകക്ഷി

മേൽ നമ്പറിൽ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോർട്ടിലും വാസസ്ഥലത്തും പതിച്ചുനടത്തുന്നതിനും പത്രത്തിൽ പരസ്യം ചെയ്യുന്നതിനും അനുവദിച്ച് കേസ് **21-10-2024** തിയ്യതിക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 15-10-2024

ഹരജിക്കാരൻ ഭാഗം അഡ്വക്കെറ്റ്

എസ് ബോസ്കുമാർ (ഒപ്പ്)

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട അഡീഷ്ണൽ സബ്ബ് കോടതി മുമ്പാകെ

OS: 603/2010, EP: 376/2014, EA: 18/2017, EA: 776/2017

1) മുകുന്ദപുരം താലൂക്ക് വേളൂക്കര വില്ലേജ്, കല്ലംകുന്ന് ദേശത്ത്, കല്ലൂപറമ്പിൽ രാമചന്ദ്രൻ ഭാര്യ അജിത (മരിച്ചു)
2) മുകുന്ദപുരം താലൂക്ക് കാട്ടൂർ വില്ലേജ് ഇല്ലിക്കാട് ദേശത്ത് വാലിപ്പറമ്പിൽ സത്യൻ ഭാര്യ സുധ

-ക്ലെയിം ഹരജിക്കാർ

രെജി

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ഡോക്ടർ എൻ ആർ മാധവമേനോൻ എൻഡോവ്മെന്റ്

തൃശ്ശൂർ: ഡോക്ടർ എൻ ആർ മാധവമേനോൻ എന്റോൾമെന്റ് അവാർഡ് ഏർപ്പെടുത്താൻ ബാർ കൗൺസിൽ ഓഫ് കേരള തീരുമാനിച്ചു. ഇന്ത്യയിൽ പഞ്ചവത്സര സംയോജിത എൽ എൽ ബി കോഴ്സിന്റെ ആശയം രൂപപ്പെടുത്തിയതിന്റെ ബഹുമതി ഡോക്ടർ എൻ ആർ മാധവമേനോന് ആണ്.

ഇന്ത്യയിലെ ആധുനിക നിയമ വിദ്യാഭ്യാസത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന മേനോൻ ഇന്ത്യൻ നിയമ വിദ്യാഭ്യാസത്തിന്റെ മുഖച്ഛായ മാറ്റിയതിന്റെ ബഹുമതിയും അദ്ദേഹത്തിനുണ്ട്. 1956 ബാംഗ്ലൂരിൽ നാഷണൽ ലോ സ്കൂൾ ഓഫ് ഇന്ത്യ യൂണിവേഴ്സിറ്റി സ്ഥാപിച്ചതിലും അദ്ദേഹം പ്രശസ്തനാണ് പിന്നീട് അതിന്റെ സ്ഥാപക വൈസ് ചാൻസലാറായി.

ഡോക്ടർ എൻ ആർ മേനോൻ 1935 മെയ് 4ന് ഭവാനിയമ്മയുടെയും രാമകൃഷ്ണമേനോന്റെയും 6 മക്കളിൽ നാലാമനായി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം തിരുവനന്തപുരത്തെ ശ്രീമൂല വിലാസം ഗവൺമെന്റ് ഹൈസ്കൂളിൽ ആയിരുന്നു. അവിടെനിന്ന് 1949 മെട്രിക്കുലേഷൻ പാസായി 1950 യൂണിവേഴ്സിറ്റി കോഴ്സ് പൂർത്തിയാക്കി. 1953ൽ സുവോളജിയിൽ ബിഎസ്സി പാസ്സായി ബിരുദ പഠനത്തോടൊപ്പം ദക്ഷിണ ഭാരത ഹിന്ദി പ്രചാര സഭ നടത്തിയ ഹിന്ദി വിശാരദ് കോഴ്സും അദ്ദേഹം വിജയിച്ചു.

എറണാകുളത്തെ ഗവൺമെന്റ് ലോ കോളേജിൽ പഠനം തുടർന്നു. എന്നാൽ കോളേജിൽ ആയിരുന്നപ്പോൾ തിരുവനന്തപുരത്തെ ഗവൺമെന്റ് ലോ കോളേജിലേക്ക് മാറി.

1956 കേരള ഹൈക്കോടതിയിൽ അഭിഭാഷകനായി എൻറോൾ ചെയ്ത പ്രൊഫസർ മേനോൻ പിന്നീട് പോണ്ടിച്ചേരിയിലെ ഗവൺമെന്റ് ലോ കോളേജ് പ്രിൻസിപ്പലായും മാർക്ക് കൗൺസിൽ ഓഫ് ഇന്ത്യ ട്രസ്റ്റ് സെക്രട്ടറി ആയും സേവനമനുഷ്ഠിച്ചു. ഇന്ത്യയിൽ മാത്രമല്ല സാർക്ക് രാജ്യങ്ങളിലും നിയമ വിദ്യാഭ്യാസത്തിൽ നവീകരണത്തിനും വേണ്ടി അദ്ദേഹം പ്രവർത്തിച്ചു. കൊൽക്കത്തയിലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് ജൂറിഡിക്കൽ സയൻസിന്റെ സ്ഥാപക വൈസ് ചാൻസിലറും ഭോപ്പാലിലെ നാ

ഷണൽ ജുഡീഷ്യൽ അക്കാദമിയുടെ സ്ഥാപക ഡയറക്ടറും ആയിരുന്നു. കൊൽക്കത്തയിലെ ഇന്ത്യൻ സ്റ്റേറ്റ് സ്റ്റിക്കർ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന്റെയും ചെയർമാനായും പ്രവർത്തിച്ചു. ക്രിമിനൽ ജസ്റ്റിസ് കുറിച്ചുള്ള ദേശീയ നയത്തിന്റെ കരട് തയ്യാറാക്കുന്നതിനുള്ള ഇന്ത്യ ഗവൺമെന്റ് കമ്മിറ്റിയുടെയും അധ്യക്ഷനായിരുന്നു അദ്ദേഹം ക്രിമിനൽ ജസ്റ്റിസ് കമ്മിറ്റിയിലും ഇന്ത്യയിലെ ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ പുനർനിർമ്മാണ സമിതിയിലും അംഗമായിരുന്നു ഇന്ത്യൻ ലോ കമ്മിഷൻ അംഗമായി രണ്ടുതവണ സേവനം അനുഷ്ഠിച്ചു.

2004 ഒക്ടോബർ 26ന് തൃശ്ശൂർ ഡി ബി സി എൽ സി എൽ വച്ച് നടക്കുന്ന അവാർഡ് ദാന ചടങ്ങിൽ മുഖ്യാതിഥിയായി സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് സൂര്യകാന്ത് പങ്കെടുക്കും.

നിയമരംഗത്ത് നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ച് സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് കുര്യൻ ജോസഫിന് പുരസ്കാരം സമ്മാനിക്കും.

ഇന്ത്യ ചരിത്രത്തിലെ ഏറ്റവും മികച്ച ന്യായാധിപന്മാരിൽ ഒരാളാണ് ജസ്റ്റിസ് കൊറിയൻ ജോസഫ്. 1994 കേരളത്തിന്റെ അഡീഷണൽ അഡ്വക്കേറ്റ് ജനറലായി നിയമിക്കപ്പെട്ടതോടെയാണ് അദ്ദേഹം ശ്രദ്ധിക്കപ്പെട്ടത്. 1996ൽ സീനിയർ അഭിഭാഷക പദവി ലഭിച്ചു. 2008 ൽ ജഡ്ജിയായി നിയമിക്കപ്പെട്ടു. 2010 ഹിമാചൽ പ്രദേശ് ഹൈക്കോടതി ചീഫ് ജസ്റ്റിസ്, 2013 മാർച്ച് 8 പരമോന്നത നീതിപീഠമായ സുപ്രീംകോടതി ജഡ്ജിയായി നിയമിക്കപ്പെട്ടു. അഞ്ചു വർഷവും 8 മാസത്തിലധികവും നീണ്ടുനിന്ന സുപ്രീംകോടതിയിലെ സേവനത്തിനിടയിൽ 136 വിധികൾ എഴുതി ചരിത്രം രചിച്ചു.

മുത്തലാഖ് അടക്കമുള്ള ചരിത്രവിധികളിൽ ഭരണഘടന ബന്ദിന്റെ ഭാഗമായി 2018 ജനുവരി 8ന് ഇന്ത്യ ചരിത്രത്തിൽ ആദ്യമായി ചീഫ് ജസ്റ്റിസിന്റെ പ്രവർത്തന ശൈലിക്കെതിരെ സുപ്രീംകോടതിയിലെ മുതിർന്ന ജഡ്ജിമാരായ ജസ്റ്റിസ് ചലമേശ്വർ, ജസ്റ്റിസ് രംഗൻ ഗോയി, ജസ്റ്റിസ് മദൻ ബി ലോകൂർ എന്നിവർക്കൊപ്പം വാർത്താ സമ്മേളനം നടത്തി ചരിത്രത്തിൽ ഇടം പിടിച്ചു.

കേരള ഹൈക്കോടതി ജഡ്ജിമാരായ ജസ്റ്റിസ് മുഹമ്മദ് മുസ്തഫ ജസ്റ്റിസ് നാഗരേഷ് എന്നിവരും പങ്കെടുക്കും. ബാർ കൗൺസിൽ ഓഫ് ഇന്ത്യ ചെയർമാനും മനൻകുമാർ മിശ്ര, നിയമ മന്ത്രി പി രാജീവ്, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ എന്നിവർ ചടങ്ങിൽ പങ്കെടുക്കും. കൂടാതെബാർ കൗൺസിൽ ചെയർമാൻ ടി എസ് അജിത്ത് അഡ്വക്കേറ്റ് ജനറൽ അഡിഷണൽ അഡ്വക്കേറ്റ് ജനറൽ മറ്റ് മാർ കൗൺസിൽ അംഗങ്ങൾ തുടങ്ങിയ പ്രമുഖ വ്യക്തികളും പങ്കെടുക്കും.

ഉപജില്ല ശാസ്ത്രോത്സവം സമാപിച്ചു

ഇരിങ്ങാലക്കുട: വിദ്യഭ്യാസ ഉപജില്ല ശാസ്ത്രോത്സവത്തിൽ എൽ.എഫ്. സി. എച്ച് എസ്. ഓവറോൾ കിരീടം കരസ്ഥമാക്കി. നാഷണൽ ഹയർ സെക്കണ്ടറി സ്കൂൾ രണ്ടാം സ്ഥാനം നേടി. രണ്ട് ദിവസങ്ങളിലായി നടന്ന ശാസ്ത്രോത്സവത്തിന്റെ സമാപന സമ്മേളനം എസ്. എൻ.ഹയർ സെക്കണ്ടറി സ്കൂളിൽ ജില്ല പഞ്ചായത്ത് പ്രസിഡണ്ട് വി.എസ്. പ്രിൻസ് ഉദ്ഘാടനം ചെയ്തു.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ലളിത ബാലൻ അധ്യക്ഷത വഹിച്ചു. നഗരസഭ വിദ്യഭ്യാസ സ്റ്റാൻഡിങ് കമ്മറ്റി ചെയർപേഴ്സൺ അഡ്വ. ജിഷ ജോബി സമ്മാന വിതരണം നിർവ്വഹിച്ചു. ജില്ല പഞ്ചായത്ത് മെമ്പർ ഷീല അജയഘോഷ് മുഖ്യപ്രഭാഷണം നടത്തി. ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ കിഷോർ പി.ടി. ,നഗരസഭ കൗൺസിലർ അൽഫോൻസ തോമസ്, സി. ജീസ് റോസ്, ജെയ്സൺ വെള്ളാട്ടുകര, പ്രധാന അധ്യാപിക അജിത പി.എം., ഉപജില്ല ഓഫീസർ ഡോ. എം.സി. നിഷ എന്നിവർ പ്രസംഗിച്ചു.

സെന്റ് മേരീസ് പള്ളി സെമിത്തേരിയുടെ മതിൽ പൊളിക്കുന്നതിനെ ചൊല്ലി വിവാദം; പ്രവൃത്തി നിറുത്തി വച്ചു

ഇരിങ്ങാലക്കുട :കരുവന്നൂർ സെന്റ് മേരീസ് പള്ളി സെമിത്തേരിയുടെ മതിൽ പൊളിക്കുന്ന പ്രവൃത്തി പരിസരവാസികളുടെ എതിർപ്പിനെ തുടർന്ന് നിറുത്തി വച്ചു. വെള്ളിയാഴ്ച രാവിലെ പത്തരയോടെയാണ് സംഭവം. മതിൽ പൊളിച്ച് സെമിത്തേരിയുടെ വിസ്തൃതി കൂട്ടാനുള്ള നീക്കം തടയണമെന്നും കുടിവെള്ളം മലിനമാകുന്ന സാഹചര്യം ഉണ്ടെന്നും ചൂണ്ടിക്കാട്ടി സെമിത്തേരിയോട് ചേർന്ന് താമസിക്കുന്ന 5കുടുംബങ്ങൾ മെയ് 20ന് പോലീസിലും നഗരസഭയിലും പരാതി നൽകിയിരുന്നു. ഇതിനിടയിലാണ് പള്ളി കൈക്കാരൻമാരുടെ നേതൃത്വത്തിൽ മതിൽ പൊളിച്ചത്. 6അടി ഉയരമുള്ള മതിലിന്റെ ഉയരം 3 അടിയായി കുറയ്ക്കാൻ മാത്രമാണ് ഉദ്ദേശിച്ചിട്ടുള്ളുവെന്നും മരിച്ചവരുടെ ദിവസം നടക്കുന്ന ചടങ്ങുകൾ വിശ്വാസികൾക്ക് സൗകര്യപൂർവം കാണാനുള്ള അവസരം ഒരുക്കാനാണ് ഉദ്ദേശിക്കുന്നതെന്നും പള്ളി കമ്മിറ്റിയുടെ തീരുമാനം അനുസരിച്ചാണ് മതിൽ പൊളിക്കാൻ ആരംഭിച്ചതെന്നും കൈക്കാരൻ പി എ പോൾ പറഞ്ഞു. എന്നാൽ പരാതി ഉയർന്നതോടെ പോലീസ് സ്ഥലത്ത് എത്തുകയും മതിൽ പൊളിക്കുന്ന പ്രവൃത്തി നിറുത്തി വെക്കുകയുമായിരുന്നു. പള്ളി വികാരി സ്ഥലത്ത് ഇല്ലാത്ത സമയം നോക്കി കൈക്കാരന്റെ നേതൃത്വത്തിൽ മതിൽ പൊളിച്ചു എന്ന് കാണിച്ച് സെമിത്തേരിയോട് ചേർന്ന് താമസിക്കുന്ന പള്ളി കമ്മിറ്റി അംഗം കൂടിയായ കരുവന്നൂർ സ്വദേശി സോബി പാറമേൽ വീണ്ടും നഗരസഭക്ക് പരാതി നൽകിയിട്ടുണ്ട്. നഗരസഭയുടെ 40-ാം വാർഡിലാണ് സെമിത്തേരി സ്ഥിതി ചെയ്യുന്നത്.

എ.ഡി.എമ്മിന്റെ ആത്മഹത്യ - പ്രതിഷേധ പ്രകടനം

ഇരിങ്ങാലക്കുട : ഇന്ത്യൻ നാഷണൽ കോൺഗ്രസ് ബ്ലോക്ക് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ കണ്ണൂർ എ.ഡി.എം. നവീൻ ബാബുവിനെ ആത്മഹത്യയിലേക്ക് എത്തിച്ചു സംഭവത്തിൽ ജില്ല പഞ്ചായത്ത് പ്രസിഡണ്ട് പി.പി. ദിവ്യ രാജി വെക്കണമെന്നും, കൊലപാതക കുറ്റത്തിന് കേസ് എടുക്കണമെന്നും ആവശ്യപ്പെട്ട് നഗരത്തിൽ പ്രതിഷേധ പ്രകടനം നടത്തി.

രാജീവ് ഗാന്ധി മന്ദിരത്തിൽ നിന്നും ആരംഭിച്ച പ്രകടനം ഠാണാവിൽ സമാപിച്ചു. കെ. പി. സി. സി. മുൻ ജനറൽ സെക്രട്ടറി എം.പി. ജാക്സൺ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് കോൺഗ്രസ് പ്രസിഡണ്ട് സോമൻ ചിറ്റേത്ത് അധ്യക്ഷത വഹിച്ചു. ഡി.സി.സി. ജനറൽ സെക്രട്ടറി സോണിയ ഗിരി, മുൻസിപ്പൽ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ്, യൂത്ത് കോൺഗ്രസ് നിയോജക മണ്ഡലം പ്രസിഡണ്ട് സനൽ കല്ലുക്കാരൻ, ബ്ലോക്ക് വൈസ് പ്രസിഡണ്ട് എം. ആർ.ഷാജു, സുജ സഞ്ജീവ് കുമാർ എന്നിവർ പ്രസംഗിച്ചു. മണ്ഡലം പ്രസിഡണ്ടുമാർ, കൗൺസിലർമാർ, പഞ്ചായത്ത് മെമ്പർമാർ, ബ്ലോക്ക് - മണ്ഡലം ഭാരവാഹികൾ എന്നിവർ പങ്കെടുത്തു

പ്രസവാനുകൂല്യം, നീതി തേടി ഡിഫൻസ് കൗൺസിൽ അഭിഭാഷക ഹൈക്കോടതിയിൽ സംസ്ഥാന ലീഗൽ സർവീസസ് അഥോറിറ്റിക്ക് നോട്ടീസ്

തൃശൂർ: പ്രസവാനുകൂല്യം അനുവദിക്കാതിരുന്നതിനെ തുടർന്ന്, ഡിഫൻസ് കൗൺസിൽ അഭിഭാഷക നല്കിയ ഹർജിയിൽ സംസ്ഥാന നിയമസഹായ അഥോറിറ്റിക്ക് ഹൈക്കോടതി നോട്ടീസ്. യൂണിയൻ ഓഫ് ഇന്ത്യ, ദേശീയ, സംസ്ഥാന, ജില്ലാ നിയമ സേവന അഥോറിറ്റി ഇവർക്കെതിരെ തൃശൂരിലെ ഡിഫൻസ് കൗൺസിൽ അഭിഭാഷകയായ, എഡ്വിന ബെന്നി ഫയൽ ചെയ്ത ഹർജിയിലാണ് ഇപ്രകാരം ഉത്തരവായത്. 2022 ലെ ദേശീയ സ്കീം പ്രകാരമാണ് സംസ്ഥാനത്ത് സർക്കാർ വക ഡിഫൻസ് കൗൺസിൽ സിസ്റ്റം ആരംഭിക്കുകയുണ്ടായത്.

ക്രിമിനൽ കോടതികളിൽ പ്രതികൾക്കു വേണ്ടി നിയമ സേവനം ലഭ്യമാക്കുക എന്നതാണ് ഡിഫൻസ് കൗൺസിൽ അഭിഭാഷകരുടെ കർത്തവ്യം. 2023 ജനുവരിയിലാണ് തൃശൂർ ജില്ലയിലെ കോടതികളിൽ അഡ്വ. എഡ്വിന ബെന്നിയെ ഇപ്രകാരം നിയമിക്കുകയുണ്ടായത്. സേവനം തുടരുന്നതിനിടയിലാണ് അഡ്വ. എഡ്വിന ബെന്നി പ്രസവാനുകൂല്യത്തിന് അപേക്ഷ നല്കിയത്. എന്നാൽ 2022 ലെ സ്കീമിൽ പ്രസവാവധിയെ കുറിച്ചും മറ്റ് ആനുകൂല്യങ്ങളെ കുറിച്ചും പരാമർശിക്കപ്പെടാത്തതിനാൽ, ദേശീയ നിയമ സേവന അഥോറിറ്റിയാണ് ഈ കാര്യത്തിൽ വ്യക്തത വരുത്തേണ്ടതെന്നുള്ള നിലപാടാണ് സംസ്ഥാന അഥോറിറ്റി കൈക്കൊണ്ടത്. ഡിഫൻസ് കൗൺസിൽമാരുടെ പ്രസവാവധി സംബന്ധമായ കാര്യത്തിൽ ദേശീയ, സംസ്ഥാന, ജില്ലാ നിയമ സേവന അഥോറിറ്റികൾക്ക് സമയബന്ധിതമായി മറുപടി നല്കുവാൻ ഭരണഘടനാപരമായ ഉത്തരവാദിത്തമുണ്ടെന്നു ചൂണ്ടിക്കാട്ടിയാണ് അഡ്വ.എഡ്വിന ബെന്നി ഹൈക്കോടതിയിൽ റിട്ട് ഹർജി നല്കിയത്.

ഹർജി പരിഗണിച്ച ജസ്റ്റിസ് മുരളി പുരുഷോത്തമൻ, സംസ്ഥാന നിയമ സേവന അതോറിറ്റിക്ക് നോട്ടീസ് അയക്കുവാൻ ഉത്തരവിടുകയായിരുന്നു. കേസ് വീണ്ടും 2024 ഒക്ടോബർ 21ന് പരിഗണിക്കും.

ഹർജിക്കാരിക്കു വേണ്ടി അഭിഭാഷകരായ ആർ.വി.ഗ്രാലൻ, ഡി.ജി.വാര്യർ, വിമൽ വിജയ് എന്നിവർ ഹാജരായി.

സാമ്പത്തിക സ്വാതന്ത്ര്യം നേടാൻ നൂതന ആശയങ്ങൾ ഉപയോഗപ്പെടുത്തണം

കുന്നംകുളം: നൂതന ആശയങ്ങളും കഴിവുകളും ഉപയോഗപ്പെടുത്തി സാമ്പത്തിക സ്വാതന്ത്ര്യം നേടാനുള്ള മികവാണ് ചെറുകിട സംരംഭകന്റെ ഏറ്റവും വലിയ സമ്പത്തെന്ന് സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം അഭിപ്രായപ്പെട്ടു.

അകതിയൂർ കലശമല ആര്യലോക് ആശ്രമത്തിൽ തൊഴിൽ രഹിതരായ വനിതകൾക്കായ് സംഘടിപ്പിക്കുന്ന ആര്യഗ്രാമ വികാസ് പദ്ധതിയുടെ ഉൽഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു. ചടങ്ങിൽ സിമി. എം. എസ്സ്. അദ്ധ്യക്ഷയായിരുന്നു.

ശ്രീ ശ്രീ ആര്യമഹർഷി പദ്ധതി വിശദീകരണവും, കോഡിനേറ്റർ ആര്യനാമിക ആമുഖ പ്രഭാഷണവും നടത്തി. സിമിയിൽ നിന്നും ആര്യലോക് ഉൽപ്പന്നങ്ങൾ മനോജ് കുമാർ ഏറ്റുവാങ്ങി.

ആര്യശക്തിയുടെ ആര്യലോക് പ്രൊഡക്ട്സാണ് വനിതാ സംരംഭകർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ വിപണിയിലിറക്കുന്നത്. പദ്ധതിയുടെ ലാഭവിഹിതത്തിൽ നിന്ന് നിശ്ചിത തുക ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ചിലവഴിക്കുന്നതാണ്.

പെട്രോളുമായി മരത്തിൽ കയറി ശുചീകരണ തൊഴിലാളികളുടെ ആത്മഹത്യാഭീഷണി; മേയർ ഇടപെട്ട്സമരം അവസാനിപ്പിച്ചു

തിരു: തിരുവനന്തപുരം നഗരസഭയ്ക്കു മുന്നിൽ ആത്മഹത്യാ ഭീഷണി മുഴക്കിയ ശുചീകരണ തൊഴിലാളികൾ സമരം അവസാനിപ്പിച്ചു. നിയമപരമായി ചെയ്യാവുന്ന എല്ലാ സഹായങ്ങളും ചെയ്യുമെന്ന് മേയർ ആര്യ രാജേന്ദ്രൻ ഉറപ്പു നൽകിയതോടെയാണ് സമരം അവസാനിപ്പിച്ചത്. ശാസ്ത്രീയമായി മാലിന്യനിർമാജനം ചെയ്ത ഒരു തൊഴിലാളിയേയും മാറ്റിനിർത്തിയിട്ടില്ലെന്നു മേയർ വ്യക്തമാക്കി. നഗരസഭയ്ക്കു മുന്നിലെ മരത്തിൽ പെട്രോൾ കുപ്പിയുമായി കയറിയാണ് രണ്ട് തൊഴിലാളികൾ ഭീഷണി മുഴക്കിയത്.

13 വർഷത്തോളമായി തിരുവനന്തപുരം നഗരസഭ പരിധിയിൽ മാലിന്യം നീക്കം ചെയ്യുന്ന ജോലിയിൽ ഏർപ്പെടുന്നവരാണ് ഇവർ. തൊഴിലെടുക്കാൻ അനുവദിക്കുന്നില്ലെന്നും മാലിന്യം നീക്കം ചെയ്യാൻ ഉപയോഗിക്കുന്ന വാഹനങ്ങൾ അന്യായമായി പിടിച്ചു വെച്ചിരിക്കുന്നുവെന്നും കാണിച്ച് തൊഴിലാളികൾ 16 ദിവസമായി കോർപ്പറേഷനു മുന്നിൽ കുടിൽകെട്ടി സമരത്തിലായിരുന്നു.

16-ാം ദിവസവും നഗരസഭയുടെ ഭാഗത്തുനിന്ന് ഇടപെടലും ഇല്ലാത്തതിൽ തുടർന്നാണ് രണ്ട് തൊളിലാളികൾ മരത്തിനു മുകളിൽ കയറി ആത്മഹത്യാ ഭീഷണി മുഴക്കിയത്. സിപിഎം പ്രവർത്തകർ കൂടിയാണ് ഇവർ. പാർട്ടി കൊടിയുമായി മരത്തിൽ കയറിയായിരുന്നു തൊളിലാളികളുടെ പ്രതിഷേധം. ഇന്ന് രാവിലെ 6.30-ഓടെയാണ് ഇവർ മരത്തിനു മുകളിൽ കയറിയത്.

ബിർള ഒപസ് പെയിന്റ്സിന്റെ ഏറ്റവും പുതിയ ക്യാംപെയ്ൻ അവതരിപ്പിച്ചു

കൊച്ചി: ആദിത്യ ബിർള ഗ്രൂപ്പിന്റെ ഗ്രാസിം ഇൻഡസ്ട്രീസിന് കീഴിലെ ബിർള ഒപസ് പെയിന്റ്റ്സ് ഏറ്റവും പുതിയ ക്യാംപെയ്ൻ ആരംഭിച്ചിരിക്കുന്നു - 'നയേ സമാനേ കാ നയാ പെയിന്റ്' അതായത്, 'പുതിയ കാലത്തിനായുള്ള പുതിയ പെയിന്റ്'. ലിയോ ബർണറ്റ് ഇന്ത്യയുടെ ആശയമായ ഈ ചിത്രത്തിൽ ഇന്ത്യയിലെ ഏറ്റവും പ്രിയപ്പെട്ട രണ്ട് അഭിനേതാക്കളായ വിക്കി കൗശലും രശ്മിക മന്ദാനയും ബ്രാൻഡ് അംബാസഡർമാരായി, ഉൽപ്പന്നത്തിന്റെ അതുല്യവും വ്യതിരിക്തവുമായ സവിശേഷതകളെയും ഗുണനിലവാരത്തെയും കുറിച്ച് സംസാരിക്കുന്നു.

മുതിർന്ന അഭിനേതാക്കളായ നീന ഗുപ്തയും സൗരഭ് ശുക്ലയും ഇരുവരുടെയും കൂടെ ചേർന്നിരിക്കുന്നു. ബിർള ഒപസ് പെയിന്റ്റ്സിനെ "പുതിയതും അഭികാമ്യവുമായി" അവതരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് അനുപമമായ ആശയം, മിന്നും താരങ്ങൾ, സമർത്ഥമായ ആശയവൽക്കരണം എന്നിവ നടത്തിയിരിക്കുന്നത്.

ശസ്ത്രക്രിയയിലെ പിഴവ്: ഡോക്ടറും ആശുപത്രിയും ചേർന്ന് 16, 80, 367/ രൂപ നഷ്ടപരിഹാരം നൽകാൻ വിധി

തൃശൂർ: മൂത്രാശയ കല്ല് ശസ്ത്രക്രിയ ചെയ്ത് നീക്കുന്നതിന് വേണ്ടി ഹോസ്പിറ്റലിൽ ചികിത്സയ്ക്കായി എത്തുകയും ശസ്ത്രക്രിയയെ തുടർന്ന് നിത്യരോഗിയായി മാറുകയും ചെയ്തതിനാൽ ഡോക്ടറും ആശുപത്രിയും ചേർന്ന് നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ട് തൃശ്ശൂർ ജില്ലയിലെ മിണാലൂർ കുറാഞ്ചേരി ദേശത്തുള്ള കിഴക്കേ തെരുവിൽ വീട്ടിൽ മൂസ മകൻ കെ. എ. ഷമീർ (45) തൃശ്ശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുമ്പാകെ നൽകിയ ഹർജിയിൽ 16,80, 367/-രൂപ നഷ്ടപരിഹാരം നൽകാൻ വിധി പ്രസ്താവിച്ചു.

പരാതിക്കാരനായ ഷമീർ തൃശ്ശൂർ അശ്വനിആശുപത്രിയിൽ മൂത്രാശ്രയത്തിലെ കല്ല് ശാസ്ത്രക്രിയ ചെയ്തു നീക്കം ചെയ്യുന്നതിനുവേണ്ടി ഡോ. എ.സി വേലായുധൻ എന്നവരെ സമീപിച്ചു. ഡോക്ടറുടെ നിർദ്ദേശപ്രകാരം 2014 ജൂൺ 19 തീയതി അശ്വനി ആശുപത്രിയിൽ അഡ്മിറ്റ് ആയ പരാതിക്കാരനെ ഡോ. എ.സി വേലായുധൻ ശസ്ത്രക്രിയ ചെയ്ത് മൂത്രാശയത്തിലെ കല്ല് നീക്കിയതായി പരാതിക്കാരനെ അറിയിച്ചിരുന്നു. എന്നാൽ ശസ്ത്രക്രിയയ്ക്ക് ശേഷം പരാതിക്കാരന്റെ മൂത്രത്തിലൂടെ അമിതമായ തോതിൽ രക്തം പോകുവാൻ ആരംഭിക്കുകയും കലശലായ വേദന ആരംഭിക്കുകയും ഉണ്ടായി. തുടർന്ന് അശ്വിനി ഹോസ്പിറ്റൽ അധികാരികളുടെ നിർദ്ദേശപ്രകാരം തുടർ ചികിത്സയ്ക്കായി തൃശ്ശൂർ ജൂബിലി മെഡിക്കൽ കോളേജിലും ഗവ. മെഡിക്കൽ കോളേജിലും ചികിത്സിച്ചിട്ടും വേദന മാറാത്തതിനെ തുടർന്ന് ഇപ്പോൾ തിരുവനന്തപുരം ശ്രീചിത്തിര മെഡിക്കൽ സയൻസിൽ ചികിത്സ തുടർന്ന് കൊണ്ടിരിക്കുകയാണ്. ശസ്ത്രക്രിയയിലെ പിഴവ് കാരണം മൂത്രാശയ ബ്ലാഡറിന്റെ നെക്ക് മുറിഞ്ഞതിനാൽ ആജീവനാന്തകാലം വേദന അനുഭവിക്കേണ്ടി വരുമെന്നും മരണംവരെ തുടർ ചികിത്സ നടത്തേണ്ടി വരുമെന്നും ഡോക്ടർമാർ പരാതിക്കാരനെ അറിയിച്ചുവെന്നും ശസ്ത്രക്രിയയിലെ അപാകതകളെ തുടർന്നുള്ള ബുദ്ധിമുട്ടുകൾ മൂലം പരാതിക്കാരന്റെ ദാമ്പത്യ ജീവിതം തകരാനിടയായെന്നും ഭാര്യയെ നഷ്ടപ്പെടാൻ ഇടയായെന്നു കൂടി പരാതിയിൽ ആരോപിച്ചിരുന്നു.

ഡോക്ടറുടെ ഭാഗത്തുനിന്നും ശസ്ത്രക്രിയ നടത്തുന്നതിനുണ്ടായ വീഴ്ച തെളിയിക്കുന്നതിനായി പരാതിക്കാരൻ തൃശ്ശൂർ മിഷൻ മെഡിക്കൽ കോളേജിലെയും ഗവ.മെഡിക്കൽ കോളേജിലെയും തിരുവനന്തപുരം ശ്രീചിത്തിര മെഡിക്കൽ സയൻസിലെയും ഡോക്ടർമാരെ സാക്ഷികളാക്കി വിസ്തരിച്ചു. കൂടാതെ ശസ്ത്രക്രിയ നടത്തിയ ഡോക്ടറുടെ ഭാഗത്തുനിന്ന് വീഴ്ചയും അപാകതയും ഉണ്ടായിട്ടുണ്ടെന്ന് തെളിയിക്കുന്നതിനായി പരാതിക്കാരൻ 40 രേഖകളും കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിരുന്നു.

പരാതിക്കാരന്റെയും ഡോക്ടർമാരുടെയും സാക്ഷി മൊഴികളും പരാതിക്കാരൻ ഹാജരാക്കിയ മെഡിക്കൽ രേഖകളും പരിശോധിച്ച് സി. ടി. ബാബു പ്രസിഡണ്ടും, ശ്രീജ. എസ്, ശ്രീ രാം മോഹൻ. ആർ എന്നിവർ മെമ്പർമാർ ആയിട്ടുള്ള തൃശ്ശൂർ ജില്ല ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ പരാതിക്കാരന്റെ ആരോപണങ്ങൾ ശരിയാണെന്ന് കണ്ടെത്തുകയും, ശസ്ത്രക്രിയയിൽ വീഴ്ച പറ്റുകയും ചെയ്തുവെന്ന നിഗമനത്തിൽ എത്തുകയും ചെയ്തതിനെ തുടർന്ന് ശസ്ത്രക്രിയ ചെയ്ത ഡോ. വേലായുധൻ, അശ്വനി ഹോസ്പിറ്റലിലെ മാനേജിംഗ് ഡയറക്ടർ എന്നിവരോട് കൂടി പരാതിക്കാരന് 16,80,367/ രൂപ നഷ്ടപരിഹാരമായി 45 ദിവസത്തിനുള്ളിൽ നൽകാൻ ഉത്തരവായി. പരാതിക്കാരന് വേണ്ടി അഡ്വക്കേറ്റ് കെ. ഡി. ബാബു ഹാജരായി.

സൗന്ദര്യവൽക്കരണത്തിനായി സ്ഥാപിച്ച സാമഗ്രികൾ നശിപ്പിച്ചവർക്കെതിരെ പൊതുമുതൽ നശിപ്പിക്കുന്ന നിയമപ്രകാരം കേസെടുക്കും

തൃശൂർ: കോർപ്പറേഷൻ സീറോ വേസ്റ്റ് കോർപ്പറേഷന്റെ ഭാഗമായും ശുചിത്വമിഷൻറെ സുന്ദരനഗരത്തിന്റെ ഭാഗമായും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുകയാണ്. ഇതിന്റെ ഭാഗമായി സ്വരാജ് റൗണ്ട് പൂർണ്ണമായും എം.ഒ. റോഡും ആകാശപ്പാതയുടെ സമീപവും പൂച്ചെടികൾ വെച്ചുപിടിപ്പിച്ച് സൗന്ദര്യവൽക്കരണം നടത്തി. പൊതുജനങ്ങൾക്കായി നയനമനോഹരിത ഉറപ്പുവരുത്തി അവബോധമുണ്ടാക്കുന്നതിന് തൃശൂർ കോർപ്പറേഷൻ സ്ഥാപിച്ച ചെടിച്ചട്ടികളും അനുബന്ധ സാമഗ്രികളും ചില സാമൂഹ്യ വിരുദ്ധർ നശിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർക്കെതിരെ പൊതുമുതൽ നശിപ്പിക്കുന്ന നിയമം അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്ത് സാമ്പത്തിക നഷ്ടം ഇവരിൽ നിന്നും ഈടാക്കുന്നതാണ്.

ഇത്തരത്തിൽ സാമൂഹ്യവിരുദ്ധ പ്രവർത്തനം നടത്തുന്നത് തെളിവ് സഹിതം കോർപ്പറേഷൻ മേയറുടെ ഓഫീസി